**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1367** **19-09-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിലെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ റെയിൽവേ മേൽപാലങ്ങളുടെ നിർമ്മാണത്തിൽ ആർ.ബി.ഡി.സി.കെ മുഖാന്തരം ചിറയിൻകീഴ് ആർ.ഒ.ബിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആണ് നടന്നുകൊണ്ടിരിക്കുന്നത്.<br>**നിലവിലെ നിർമ്മാണ പുരോഗതി;** ചിറയിൻകീഴ് ആർ.ഒ.ബിയുടെ ഫൗണ്ടേഷൻ, സബ് സ്ട്രക്ച്ചർ, സൂപ്പർ സ്ട്രക്ച്ചർ എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. സർവ്വീസ് റോഡിന്റെ DBM & BC പ്രവൃത്തികൾ പൂർത്തീകരിച്ചു. നിലവിൽ പാലത്തിന്റെ ഹാൻഡ് റെയിൽ, അപ്രോച്ച് റോഡിന്റെ പ്രവൃത്തികളും നടന്നുവരുന്നു. |
| (ബി) | തിരുവനന്തപുരം ജില്ലയിലെ ഓരോ റെയിൽവേ മേൽപ്പാലങ്ങൾക്കുമായി വകയിരുത്തിയിട്ടുള്ള തുകയെത്രയെന്ന് വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം ജില്ലയിലെ ഓരോ റെയിൽവേ മേൽപ്പാലങ്ങൾക്കുമായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു. |
| (സി) | തിരുവനന്തപുരം ജില്ലയിലെ എത്ര റെയിൽവേ മേൽപ്പാല പദ്ധതികളുടെ അലൈൻമെന്റ് റെയിൽവേക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ 12 ആർ.ഒ.ബി-കളുടെ അലൈൻമെന്റ് അപ്പ്രൂവലിനായി റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ഇവയിൽ ബാലരാമപുരം ആർ.ഒ.ബി, ക്ലേ ഗേറ്റ് ആർ.ഒ.ബി, ശാർക്കര ആർ.ഒ.ബി, മഞ്ചാടിമൂട് ആർ.ഒ.ബി, കരമന ആർ.ഒ.ബി-കൾ ഒഴികെ ബാക്കി ഉള്ളവയുടെ എല്ലാം GAD റെയിൽവേ അംഗീകരിച്ചിട്ടുണ്ട്. മേൽ പറഞ്ഞ 5 ആർ.ഒ.ബി-കളുടെ അപ്പ്രൂവൽ റെയിൽവേയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

| ക്രമ നം. | പദ്ധതിയുടെ പേര് | നിയോജക മണ്ഡലം | തുക |
|---|---|---|---|
| 1. | ബാലരാമപുരം റെയിൽവേ മേൽപ്പാലം (LC-06) | കോവളം | ഭരണാനുമതി - 22.51 കോടി രൂപ |
| 2. | ഇടവ റെയിൽവേ മേൽപ്പാലം (LC-555) | വർക്കല | സാമ്പത്തിക അനുമതി - 25.23 കോടി രൂപ |
| 3. | വെങ്കുളം റെയിൽവേ മേൽപ്പാലം (LC-557) | വർക്കല | സാമ്പത്തിക അനുമതി- 31.97 കോടി രൂപ |
| 4. | പുന്നമൂട് റെയിൽവേ മേൽപ്പാലം (LC-558) | വർക്കല | സാമ്പത്തിക അനുമതി - 36.88 കോടി രൂപ |
| 5. | ശാർക്കര റെയിൽവേ മേൽപ്പാലം (LC-567, 569) | ചിറയിൻകീഴ് | ഭരണാനുമതി 22.51 കോടി രൂപ |
| 6. | മഞ്ചാടിമൂട് റെയിൽവേ മേൽപ്പാലം | ചിറയിൻകീഴ് | ഭരണാനുമതി - 22.51 കോടി രൂപ |
| 7. | കണിയാപുരം റെയിൽവേ മേൽപ്പാലം (LC-573) | നെടുമങ്ങാട് | സാമ്പത്തിക അനുമതി - 48.74 കോടി രൂപ |
| 8. | വെട്ട് റോഡ് റെയിൽവേ മേൽപ്പാലം (LC-574) | കഴക്കൂട്ടം | സാമ്പത്തിക അനുമതി - 53.91 കോടി രൂപ |
| 9. | ക്ലേ ഗേറ്റ് റെയിൽവേ മേൽപ്പാലം (LC-577) | കഴക്കൂട്ടം | ഭരണാനുമതി - 22.51 കോടി രൂപ |
| 10. | ചിറയിൻകീഴ് റെയിൽവേ മേൽപ്പാലം (LC-566) | ചിറയിൻകീഴ് | സാമ്പത്തിക അനുമതി - 25.08 കോടി രൂപ |
| 11. | അഴൂർ ഗേറ്റ് ആർ.ഒ.ബി (LC-570) | | 100% റെയിൽവേ ഫണ്ടിംഗ് |
| 12. | കരമന ആർ.ഒ.ബി (LC-2) | | “ |